**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7241 03.11.2011- ൽ മറുപടിയ്ക്ക്**

**മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള കാർഷിക പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി എന്തെങ്കിലും പദ്ധതികൾ ഇപ്പോൾ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി കൃഷി വകുപ്പ് പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. |
| (ബി) | ഇല്ലെങ്കിൽ ഇവർക്കായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ നേതൃത്വത്തിൽ പച്ചക്കറി, അലങ്കാര ചെടികൾ എന്നിവ കൃഷി ചെയ്യുന്ന പദ്ധതി ആവിഷ്കരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിവരുന്ന 'പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ ലഭ്യമായ സ്ഥലത്ത് പച്ചക്കറികൃഷി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനായി സൗജന്യമായി പച്ചക്കറി തൈകൾ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ലഭ്യമാക്കുന്നതാണ്. ഇതിന് പുറമേ പച്ചക്കറി കൃഷിയ്ക്കുള്ള ധനസഹായം (ഹെക്ടറിന് 22,500/- രൂപ നിരക്കിൽ) ലഭ്യമാക്കുന്നതാണ്. |
| (സി) | ഇതിനായി ഇവരുടെ രക്ഷിതാക്കളുടെ 'സ്വാശ്രയ സംഘം' രൂപീകരിക്കുമോ; | (സി) & (ഡി) | ഇപ്പോൾ പരിഗണനയിലില്ല |
| (ഡി) | എങ്കിൽ ഇതുവഴി ഇവരെ പ്രവർത്തന മേഖലയിലേക്കാകർഷിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിക്കുമോ? | | |

സെക്ഷൻഓഫീസർ